# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 829 — 20.03.2013 ലെ മറുപടിയ്ക്ക്

## കനാലുകൾക്ക് കുറുകെ പാലം നിർമ്മിക്കാൻ സ്വകാര്യ വ്യക്തികൾക്ക് അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കനാലുകൾക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തികൾക്ക് അനുമതി ലഭിക്കാൻ എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (എ) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കനാലുകൾക്ക് കുറുകെ സ്വകാര്യവ്യക്തികൾക്ക് സ്വന്തം ചെലവിൽ പാലം നിർമ്മിക്കുവാൻ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സർക്കാർ അനുവാദം നൽകി വരുന്നു.<br><br>1. കനാലിനോ, കനാൽ ബണ്ടിനോ യാതൊരുവിധ കേടുപാടും സംഭവിക്കാതെയും, ജലവിതരണത്തിനു തടസ്സങ്ങൾ ഉണ്ടാക്കാതെയും വാഹനഗതാഗതത്തിനു തടസ്സമുണ്ടാക്കാതെയും അപേക്ഷകന്റെ സ്വന്തം ചെലവിൽ പാലം നിർമ്മിക്കേണ്ടതാണ്.<br><br>ഇപ്രകാരം നിർമ്മിക്കുന്ന പാലത്തിന്മേൽ പാലം നിർമ്മിക്കുന്ന വ്യക്തിക്കോ മറ്റാർക്കുമോ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഭാവിയിൽ ഈ പാലം പൊളിച്ചുമാറ്റേണ്ടതായി സർക്കാരിനു ബോധ്യം വന്നാൽ നിർമ്മാതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ യാതൊരു എതിർപ്പും കൂടാതെ പൊളിച്ചുമാറ്റേണ്ടതുമാണ്. |
| (ബി) | പ്രസ്തുത അനുമതി നൽകുവാനുള്ള അധികാരം അതാത് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ